DESPATCHED
On...05/03/2020
14/1/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2623*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *16079/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. സിറിയക് മണാങ്കതടത്തിൽ**
**പി.ഒ കല്ലാനോട്,**
**കരിയാത്തും പാറ**
**കോഴിക്കോട് 673 615** } **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &**
**വില്ലേജ് ഓഫീസ്**
**കന്തലാട്**
**കോഴിക്കോട്**

2. **അപ്പീൽ അധികാരി &**
**തഹസീൽദാർ,താലൂക്കാഫീസ്**
**കൊയിലാണ്ടി** } **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ശരിയായ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ ൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരു കക്ഷികൾക്കും നോട്ടീസ് നൽകുകയും എസ്.പി.ഐ.ഒ ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആയതിൽ ഹർജിക്കാരൻ കമ്മീഷൻ ഓഫീസിൽ അപ്പീൽ ഫയൽ ചെയ്തശേഷം, എതിർകക്ഷിയുടെ ഓഫീസുമായി ബന്ധപ്പെട്ടതിൽ ലഭിച്ച മറുപടി തൃപ്തികരമായതിനാൽ പ്രസ്തുത ഹർജി സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുന്നതായും, ഹർജി പിൻവലിക്കുന്നതായും കത്ത് നൽകിയെന്ന് അറിയിച്ചു. ആയതിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ വിവരാവകാശ നിയമം ആവശ്യപ്പെട്ട വിവരത്തിന് മറുപടി നൽകിയതായി ബോധ്യപ്പെട്ടതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)



res